2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുടുംബകൃഷി പദ്ധതി

5 (*695) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ജില്ലകൾതോറും കുടുംബകൃഷി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കുമോ ; ഇതിൽ കുടുംബങ്ങളുടെ സാമ്പത്തിക പങ്കാളിത്തം എത്രത്തോളമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം കൃഷിക്കാവശ്യമായ വിത്തും വളവും എത്തിച്ചുകൊടുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ ?

• കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ-സി) ജില്ലകൾതോറും കുടുംബകൃഷി എന്ന പേരിൽ പദ്ധതികളൊന്നും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കുടുംബാംഗങ്ങളുടെ കായികാദ്ധ്വാനം പ്രയോജനപ്പെടുത്തി സ്കൂൾ വിദ്യാർത്ഥികളിലൂടെയും വനിതകളിലൂടെയും നടപ്പിലാക്കുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പദ്ധതിയും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ വീടുകളിലെ ടെറസിലുള്ള പച്ചക്കറി കൃഷി പദ്ധതിയും 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്നു.

സ്കൂൾ വിദ്യാർത്ഥികൾ, വനിതകൾ എന്നിവർ മുഖാന്തിരം നടപ്പിലാക്കുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പദ്ധതി പ്രകാരം 20 രൂപ വിലവരുന്ന വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങുന്ന കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വീടുകളിലെ ടെറസിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനപ്പെട്ട 4 മുതൽ 6 പച്ചക്കറി ഇനങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോ ബാഗുകൾ 75 ശതമാനം സൗജന്യനിരക്കിൽ ലഭ്യമാക്കുന്നു. ആകെ 2000 രൂപ വിലവരുന്ന 25 ഗ്രോ ബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റ്, 500 രൂപയ്ക്ക് നഗരത്തിലെ കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവ നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly